# തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

**(ഹാജർ. ശ്രീ. രാജൻ എം.വി)**

വിഷയം : - തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - ഈ വകുപ്പിന് കീഴിലുള്ള ഡ്രൈവർമാരുടെ തസ്തികകൾ 1:1:1 എന്ന ക്രമത്തിൽ നിജപ്പെടുത്തി ആനുപാതിക സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

പരാമർശം : 1) ജി.ഒ(പി) നം. 7/2016/ഫിൻ തീയതി 20.01.2016
2) ഈ കാര്യാലയത്തിലെ 16.04.2018-ലെ ഇതേ നമ്പർ രണ്ടാംതരം ഡ്രൈവർമാരുടെ മുൻഗണനാപ്പട്ടിക
3) ഈ കാര്യാലയത്തിലെ 19.11.2019-ലെ ഇതേ നമ്പർ ഒന്നാംതരം ഡ്രൈവർമാരുടെ മുൻഗണനാപ്പട്ടിക
4) ഈ കാര്യാലയത്തിലെ 24.09.2019-ലെ ഇതേ നമ്പർ ഉത്തരവ്

## ഉത്തരവ് നം . എ2-248/2015/സിഇ/തസ്വഭവ തീയതി. 03.01.2020

മേൽ പരാമർശം (1) ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ഡ്രൈവർ തസ്തികയിൽ 1:1:1 എന്ന അനുപാതത്തിൽ Driver Gr. II, Driver Gr. I, Senior Gr. എന്ന ക്രമത്തിലും Senior Grade-ലെ 10% ജീവനക്കാർക്ക് Selection Gr. സ്കെയിലും അനുവദിച്ചിട്ടുള്ളതുമാണ്. ആയതിൻ പ്രകാരം, ഈ വകുപ്പിൽ ആകെ അനുവദിക്കപ്പെട്ടിട്ടുള്ള 18 ഡ്രൈവർ തസ്തികകൾ 6:6:6 എന്ന ക്രമത്തിൽ നിജപ്പെടുത്തി പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

ആയതിൻ പ്രകാരം പരാമർശം (4) ഉത്തരവിനനുസരിച്ച് ഒന്നാംതരം ഡ്രൈവർമാരുടെ റേഷ്യോ പ്രൊമോഷൻ അനുവദിച്ച് നൽകുകയും, പരാമർശം (3) പ്രകാരം ഡ്രൈവർ ഗ്രേഡ് I-ന്റെ അന്തിമ മുൻഗണനാപ്പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒന്നാംഗ്രേഡ് ഡ്രൈവർ തസ്തികയിലേയ്ക്ക് ആനുപാതിക സ്ഥാനക്കയറ്റം അനുവദിച്ച് നൽകിയ മേൽ പരാമർശം (4) ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന ₹ 19000-43600 എന്നനശമ്പളസ്കെയിൽ മേൽ പരാമർശം (1) ശമ്പളപരിഷ്കരണ ഉത്തരവിലെ അനുബന്ധം XVI പ്രകാരം ₹ 20000-45800 എന്ന് ഭേദഗതി വരുത്തി ഇതിനാൽ ഉത്തരവാകുന്നു. 4-ാം പരാമർശിത ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഈ സാഹചര്യത്തിൽ ഇതോടൊപ്പം അനുബന്ധം 1 ആയി ഉൾക്കൊള്ളിച്ചിട്ടുള്ള പട്ടികയിലെ ഉദ്യോഗസ്ഥർക്ക് 01.12.2019 തീയതി പ്രാബല്യത്തിൽ പരാമർശം (1) ശമ്പളപരിഷ്കരണ ഉത്തരവിലെ അനുബന്ധം XVI പ്രകാരം 22200-48000 ശമ്പളസ്കെയിലിൽ സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഇതിനാൽ

ഉത്തരവാകുന്നു. രണ്ടാം സമയബന്ധിത ഹയർഗ്രേഡ് ലഭ്യമായ ജീവനക്കാർക്ക് ഈ സ്ഥാനക്കയറ്റത്തിന് ആനുപാതികമായ ശമ്പളനിർണ്ണയ ആനുകൂല്യം ലഭിക്കുന്നതല്ല.

പരാമർശം (4) പ്രകാരം ആനുപാതിക ഹയർഗ്രേഡ് അനുവദിച്ച് ഉത്തരവായിരുന്നതിൽ ശ്രീ. ബാബുരാജൻ എ, ഡ്രൈവർ ഗ്രേഡ് I 31.05.2018-ൽ സേവന കാലയളവ് പൂർത്തിയാക്കി വിരമിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരമുള്ള ഈ വകുപ്പിലെ രണ്ടാംതരം ഡ്രൈവർമാരുടെ അന്തിമ മുൻഗണനാപ്പട്ടികയിൽ നിന്നും ഈ ഉത്തരവിനോടൊപ്പം അനുബന്ധം 2 ആയി ഉൾക്കൊള്ളിച്ചിട്ടുള്ള പട്ടികയിലെ ഉദ്യോഗസ്ഥന് ടിയാന്റെ പേരിന് നേരെയുള്ള തീയതി പ്രാബല്യത്തിൽ പരാമർശം (1) ശമ്പളപരിഷ്കരണ ഉത്തരവിലെ അനുബന്ധം XVI പ്രകാരം 20000-45800 ശമ്പളസ്കെയിലിൽ ഒന്നാം ഗ്രേഡ് ഡ്രൈവർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു. ഒന്നാം സമയബന്ധിത ഹയർഗ്രേഡ് ലഭ്യമായ ജീവനക്കാർക്ക് ഈ സ്ഥാനക്കയറ്റത്തിന് ആനുപാതികമായ ശമ്പളനിർണ്ണയ ആനുകൂല്യം ലഭിക്കുന്നതല്ല.

ടി ജീവനക്കാർക്ക് കെ.എസ്.ആർ ഭാഗം I-ലെ ചട്ടം 23 പ്രകാരമുള്ള സാമ്പത്തിക ആനുകൂല്യങ്ങൾക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. ജീവനക്കാരുടെ പട്ടിക ഇതോടൊപ്പം അനുബന്ധം 1 & 2-ൽ ചേർക്കുന്നു.

ഉള്ളടക്കം : അനുബന്ധം 1 & 2

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**

P 1459

| STATEMENT APPENDED WITH FILE NO. A2-248/2015/CE/LSGD DATED 03.01.2020 | | | | | |
|---|---|---|---|---|---|
| APPENDIX - 1 | | | | | |
| Sl. No | Rank No | Name | Date of Birth | Date of Effect of promotion as Senior Grade Driver | Remarks |
| 1 | 2 | PADMADAS K | 18.04.1966 | 01.12.2019 | |
| 2 | 3 | K B PRASAD | 14.11.1969 | 01.12.2019 | |
| 3 | 4 | RAVI P C | 10.04.1972 | 01.12.2019 | |
| 4 | 5 | SURESH KUMAR T K | 25.05.1969 | 01.12.2019 | |
| 5 | 6 | MUHAMMEDALLI SIHAB T M | 15.02.1974 | 01.12.2019 | |

*Sd/-*
*Chief Engineer*

*// Forwarded by Order //*

*Administrative Assistant*

*To*

*Individuals (Through Website)*

| STATEMENT APPENDED WITH FILE NO. A2-248/2015/CE/LSGD DATED 03.01.2020 | | | | | | |
|---|---|---|---|---|---|---|
| APPENDIX - 2 | | | | | | |
| Sl. No | Rank No | Name | Date of Birth | Date of Declaration of probation | Date of Effect of promotion as Driver Gr. I | Remarks |
| 1 | 7 | RAJADAS P K | 15.05.1979 | 23.11.2017 | 01.06.2018 | |

*Sd/-*
*Chief Engineer*

*// Forwarded by Order //*

*Administrative Assistant*

*To*

*Individual (Through Website)*